# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 181 — 23.03.2012-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>„ വി. ശശി<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ.കെ. വിജയൻ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാനത്ത് നടപ്പാക്കി ക്കൊണ്ടിരുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾ ഏതെല്ലാം; | എ) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾ എന്റെ മരം, നമ്മുടെ മരം, ഹരിത തീരം, വഴിയോര ത്തണൽ,ഹരിതകേരളം എന്നിവയാണ്. ഇതു കൂടാതെ തണ്ണീർ തട സംരക്ഷണം ജൈവ വൈവിധ്യ സംരക്ഷണം കുട്ടനാട് പാക്കേജ് എന്നീ പദ്ധതികൾക്കാവശ്യമായ വൃക്ഷതൈകൾ ഉൽപ്പാദിപ്പിക്കുകയും ചെയ്തിരുന്നു. |
| ബി) | ഇതിൽ എന്റെ മരം, നമ്മുടെ മരം, ഹരിത തീരം, വഴിയോര തണൽ എന്നീ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടു ത്തുമോ; | ബി) | ഹരിത കേരളം എന്ന ബൃഹത് പദ്ധതിയുടെ കുടക്കീഴിൽ എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾ മുഖേന, വരുന്ന മഴക്കാലത്ത് തൈ വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. വഴിയോര തണൽ പദ്ധതി പ്രകാരം പാത യോരങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനായി കൂട തൈകളുടെ ഉൽപ്പാദനം പുരോഗ മിച്ചു വരുന്നു. ഹരിത തീരം പദ്ധതി 2009 വർഷത്തിൽ അവസാനിച്ചതിനാൽ അത് ഇപ്പോൾ നടപ്പിലാക്കുന്നില്ല. |
| സി) | ഈ ഓരോ പദ്ധതിയിലും എത്ര വൃക്ഷത്തൈകൾ വീതം വച്ചു പിടിപ്പിച്ചിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ; | സി) | എന്റെ മരം പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്ക് 98.61 ലക്ഷം തൈകളും നമ്മുടെ മരം പദ്ധതി പ്രകാരം കോളേജ് വിദ്യാർത്ഥികൾക്ക് 23.87ലക്ഷം തൈകളും ഹരിതകേരളം പദ്ധതി പ്രകാരം പഞ്ചായത്തുകൾക്കും, മതസ്ഥാപന ങ്ങൾക്കും, മറ്റ് സർക്കാരിതര സംഘടനകൾക്കും, |

പൊതുജനങ്ങൾക്കും, മാധ്യമങ്ങൾക്കുമായി 111.56 ലക്ഷം തൈകളും വിതരണം ചെയ്ത് നട്ടുപിടിപ്പിച്ചിട്ടുണ്ട്. വഴിയോര തണൽ പദ്ധതി പ്രകാരം 1.78 ലക്ഷം തൈകളും, ഹരിത തീരം പദ്ധതി പ്രകാരം 22.52 ലക്ഷം തൈകളും നട്ടുപിടിപ്പിച്ചിട്ടുണ്ട്.

ഡി) സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഡി) സാമൂഹ്യ വനവൽക്കരണവുമായിബന്ധപ്പെട്ട് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ താഴെ പറയും പ്രകാരമാണ്.

1. എന്റെ മരം പദ്ധതിയിൽ അഞ്ചാം ക്ലാസ്സിനു മുകളിലോട്ടുള്ള വിദ്യർത്ഥികൾക്ക് മാത്രമായിരുന്നത് 1 മുതൽ 4-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള തൈ വിതരണ പദ്ധതി.

2. സ്വകാര്യ സ്ഥലത്ത് വൃക്ഷതൈകൾ വച്ച് പിടിപ്പിക്കുന്നതിന് വ്യക്തികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

ഇതുകൂടാതെ താഴെപ്പറയുന്ന പദ്ധതികൾകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. പാതയോരങ്ങളിൽ വൃക്ഷതൈ നടുമ്പോൾ ഫലവൃക്ഷങ്ങൾക്ക് മുൻഗണന കൊടുക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്

2. സാമൂഹ്യ വനവൽക്കരണ വിഭാഗം വാഗമണ്ണിൽ ഓർക്കിഡുകളുടെ സംരക്ഷണത്തിനായി ഓർക്കിഡേറിയം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

3.വെള്ളയമ്പലം മുതൽ ശാസ്തമംഗലം വരെയുള്ള റോഡിന്റെ ഇരുവശത്തും അലങ്കാരച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4.ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശത്ത് വൃക്ഷവൽക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

5.കാവുകളുടെ സംരക്ഷണത്തിന് നല്കിവരുന്ന ധനസഹായം വർദ്ധിപ്പിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ